**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊച്ചി നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീമതി സി.എ. ഓമന, ശ്രീ പി.ആർ പ്രസാദ് എന്നിവർക്കെതിരായ അച്ചടക്ക നടപടി-തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ)നം. 1602/ 2019/ തസ്വഭവ. തീയതി, തിരുവനന്തപുരം, 27.07.2019

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29.11.2012 തീയതിയിലെ ഇ 7(എസ്.സി 7/ 2012/ സിആർഇ) 10831/ 2012 നം. കത്ത്

2. സർക്കാരിന്റെ 08.01.2014 തീയതിയിലെ 23415/ ഇയു2/ 13/ തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 13.04.2016, 25.04.2019 തീയതികളിലെ വി1- 1935/ 14 നമ്പർ കത്ത്.

4. ശ്രീമതി സി.എ. ഓമന ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 689/ 2019 നമ്പർ കേസിലെ 11.04.2019 തീയതിയിലെ വിധിന്യായം.

**<u>ഉത്തരവ്</u>**

കൊച്ചി നഗരസഭയിൽ 26.06.2012- ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീമതി സി.എ.ഓമന, ശ്രീ പി.ആർ. പ്രസാദ് എന്നിവർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് ടിയാളുകൾ ലഭ്യമാക്കിയിട്ടുള്ള മറുപടികളിന്മേൽ കൊച്ചി നഗരസഭാ സെക്രട്ടറിയുടെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കൊച്ചി നഗരസഭയുടെ ഹെൽത്ത് വിഭാഗത്തിൽ 26.06.2012- ൽ നടത്തിയ മിന്നൽ പരിശോധനയിൽ കണക്കിൽപ്പെടാത്ത 3,220/- രൂപ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീമതി.സി.എ. ഓമന കൈവശം വെച്ചിരുന്നതായി കണ്ടെത്തുകയുണ്ടായി. ശ്രീമതി.സി.എ.ഓമനയുടെ

ഭാഗത്തുനിന്നുണ്ടായ മേൽപ്രവൃത്തികൾ ചട്ടലംഘനവും കൃത്യനിർവ്വഹണത്തിൽ വരുത്തിയ വീഴ്ചയുമായി കണ്ടാണ് ടിയാൾക്ക് മെമ്മോ നൽകിയിരുന്നത് .

3. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി.സി.എ.ഓമനയുടെ മറുപടി പ്രകാരം 26.06.2012- ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും അന്വേഷണാർത്ഥം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന തന്നെ പരിശോധനയ്ക്ക് വിധേയമാക്കുകയും എന്റെ കൈവശമുണ്ടായിരുന്ന പൈസ ഏതാണെന്ന് ചോദിക്കുകയും ചെയ്തു. തന്റെ വീടിന്റെ പണി നടന്നു കൊണ്ടിരിക്കുകയായിരുന്നതിനാൽ പൈസ ബാഗിൽ കരുതിയിരുന്നു. ആയത് പരിശോധനയ്ക്ക് വന്ന ഉദ്യോഗസ്ഥരോട് പറഞ്ഞ് ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ് എന്നും 26.06.2012 രാവിലെ 8 മണിയ്ക്ക് വാർഡിലെ പരിശോധനയ്ക്കായി വാർഡ് കൗൺസിലർ ശ്രീമതി വത്സലകുമാരി വിളിച്ചത് പ്രകാരം പോയി പരാതി പരിഹരിച്ച് വന്ന സമയത്താണ് ഓഫീസിൽ വിജിലൻസ് ഓഫീസേഴ്സ് എത്തിയത് എന്നും തിരക്കിനിടയിൽ ക്യാഷ് രജിസ്റ്റർ എഴുതുവാൻ വിട്ടുപോയിട്ടുള്ളതാണ് എന്നും ടിയാൾ ബോധിപ്പിക്കുന്നു. നോട്ടപ്പിശക് മൂലമാണ് ഇപ്രകാരം ഒരു തെറ്റ് എന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത് എന്നും വിജിലൻസ് പരിശോധനയ്ക്ക് ശേഷം നാളിതുവരെ എല്ലാ രജിസ്റ്ററുകളും (ക്യാഷ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ) കൃത്യമായി പരിപാലിച്ച് വരുന്നുണ്ട് എന്നും തന്റെ ഭാഗത്തു നിന്നുള്ള മനപൂർവ്വമല്ലാത്ത തെറ്റുകൾ മാപ്പാക്കി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കിത്തരണമെന്നും അപേക്ഷിച്ചിരുന്നു .

4. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനയിൽ രജിസ്റ്ററുകൾ കൃത്യമല്ലാത്ത രീതിയിൽ സൂക്ഷിച്ചിരുന്നതായും കണ്ടിജന്റ് വർക്കേഴ്സിനെ കൊണ്ട് എൽ.ഡി ക്ലാർക്കിന്റെ ജോലി ചെയ്യിപ്പിക്കുന്നതായും കണ്ടെത്തുകയുണ്ടായി. പ്രസ്തുത ക്രമക്കേടുകൾ ആരോഗ്യവിഭാഗം ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.പി.ആർ.പ്രസാദിന്റെ ഭാഗത്തുനിന്നുണ്ടായ ചട്ടലംഘനവും കൃത്യനിർവ്വഹണത്തിൽ വരുത്തിയ വീഴ്ചയുമായി കണ്ടാണ് ടിയാന് മെമ്മോ നൽകിയിരുന്നത് .

5. ശ്രീ പ്രസാദ് സമർപ്പിച്ച മറുപടി പ്രകാരം 26.06.2012- ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, താൻ ഹെൽത്ത് ഇൻസ്പെക്ടർ ആയിരിക്കുന്ന കൊച്ചി നഗരസഭയിലെ ഇടപ്പള്ളി മേഖല ഓഫീസിൽ പ്രവർത്തിക്കുന്ന 14 ാം ഹെൽത്ത് സർക്കിളിൽ പരിശോധന നടത്തിയതായും ടിയാൻ പ്രസ്തുത സർക്കിളിൽ ഹെൽത്ത് ഇൻസ്പെക്ടറായി ചാർജ്ജ് എടുത്തിട്ട് കഷ്ടിച്ച് ഒരു മാസം പിന്നിടുന്നതാകയാൽ എല്ലാ രജിസ്റ്ററുകളും യഥാസമയം പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നില്ലായെന്നും ആയത് പൂർത്തിയാക്കി വരുന്നതേയുണ്ടായിരുന്നുള്ളൂ. തന്മൂലമാണ് രജിസ്റ്ററുകൾക്ക് കൃത്യത (Aquidate) ഇല്ലാതെ പോയത് എന്നും അറിയിക്കുന്നു. ഈ സർക്കിളിൽ കണ്ടിജന്റ് വർക്കേഴ്സിനെ ആരേയും എൽ. ഡി ക്ലാർക്ക് ജോലിയ്ക്കായി നിയോഗിച്ചിട്ടില്ലായെന്നും എന്നാൽ ഒരു സി.എൽ.ആർ. തൊഴിലാളിയെ ടിയാന്റെ 10 മണി വരെയുള്ള ജോലിയ്ക്ക് ശേഷം ഓഫീസ്സ് ഫയലുകൾ 5 കി. മീറ്റർ അകലെയുള്ള മെയിൻ ഓഫീസ്സിൽ കൊണ്ടു പോകുന്നതിനും അവിടെനിന്നും ഫയലുകൾ ദിനം പ്രതി എത്തിക്കുന്നതിനും നിയോഗിച്ചിട്ടുള്ളതായും ഓഫീസ് പ്യൂൺ ഇല്ലാത്തതിനാൽ ഓഫീസ്സ് പ്രവർത്തനത്തിന് തടസ്സം വരാതിരിക്കുന്നതിനാണ് ഇപ്രകാരം ചെയ്തുവന്നത് എന്നും നഗരസഭയിലെ 22 സർക്കിളുകളും ഇപ്രകാരം പ്യൂൺമാരെ വച്ചിട്ടുണ്ട് എന്നും ശുചീകരണ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്തരീതിയിലാണ് ഇപ്രകാരം ചെയ്തുവന്നത് എന്നും അറിയിച്ചിരുന്നു.

വിജിലൻസ് പരിശോധനയ്ക്ക് ശേഷം അവർ ചൂണ്ടിക്കാണിച്ച രജിസ്റ്റർ പോരായ്മകൾ പൂർണ്ണമായും പരിഹരിച്ചിട്ടുള്ളതായും ശുചീകരണ തൊഴിലാളികളെ പൂർണ്ണമായും തൊഴിലാളികളുടെ പ്രവർത്തന സമയമായ 12.30 വരെ ശുചീകരണ ജോലിയ്ക്ക് നിയോഗിച്ചുവരുന്നതായും മേൽ ആരോപിത കുറ്റങ്ങൾ മനപൂർവ്വമോ കരുതിക്കൂട്ടിയോ ചെയ്യുതല്ലായെന്നും നോട്ടക്കുറവുകൊണ്ടു വന്ന അശ്രദ്ധയാണ് എന്നും മേലിൽ ഇത്തരം കാര്യങ്ങൾ ഉണ്ടാകാതിരിക്കാൻ നിതാന്ത ജാഗ്രത പുലർത്തുന്നതാണ് എന്നതിനാൽ മേൽ സൂചിത വീഴ്ചയ്ക്ക് മാപ്പ തന്ന് ശിക്ഷണ നടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരുന്നു .

6. ഇക്കാര്യത്തിൽ കൊച്ചി നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം വിജിലൻസ് റെയ്ഡ് നടന്ന 26.06.2012- ൽ ശ്രീ പി.ആർ പ്രസാദ് ഇടപ്പള്ളി മേഖല ഹെൽത്ത് സർക്കിളിൽ ജോലിയിൽ പ്രവേശിച്ചിട്ട് ഏകദേശം ഒരു മാസം കഴിഞ്ഞതേ ഉണ്ടായിരുന്നുള്ളൂ എന്നതിനാൽ എല്ല രജിസ്റ്ററുകളും പൂർത്തിയാക്കാൻ സാധിച്ചിരുന്നില്ലായെന്നും ഇപ്പോൾ എല്ലാ രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നതായി ഹെൽത്ത് ഓഫീസർ നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതായും ക്ലറിക്കൽ ജോലിക്കായി കണ്ടിജന്റ് തൊഴിലാളികളെ സർക്കിൾ ഓഫീസിൽ നിയോഗിക്കാറില്ലായെന്നും, ടി ഓഫീസുകളിൽ ശിപായിമാരില്ലാത്തതിനാൽ കണ്ടിജന്റ് തൊഴിലാളികളിലാരെയെങ്കിലും ടിയാളുകളുടെ ജോലി കഴിഞ്ഞശേഷം ഫയലുകൾ മെയിൻ ഓഫീസിലും തിരികെ സർക്കിൾ ഓഫീസിലും എത്തിക്കുന്നതിനായി നിയോഗിക്കാറുള്ളതായും റിപ്പോർട്ട് ചെയ്യുന്നു. 26.06.2012- ൽ വിജിലൻസ് റെയ്ഡ് നടന്ന സമയത്ത് ശ്രീമതി ഓമന സി.എ(നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2) യുടെ കൈവശം ഉണ്ടായിരുന്ന പണത്തിന്റെ വിവരങ്ങൾ ക്യാഷ് രജിസ്റ്ററിൽ എഴുതിയിട്ടുണ്ടായിരുന്നില്ല. രാവിലെ ഓഫീസിൽ എത്തിയപ്പോൾ ഉണ്ടായ തിരക്കു മൂലമാണ് ആയത് രേഖപ്പെടുത്തുന്നതിന് മറന്നുപോയതെന്ന ടിയാരിയുടെ മറുപടിയും ശ്രീ പി.ആർ.പ്രസാദിന്റെ മറുപടിയും വിശദമായി അന്വേഷിച്ചതിൽ സത്യമാണെന്ന് ബോദ്ധ്യപ്പെടുന്നതായി ഹെൽത്ത് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുള്ളതായും കൊച്ചി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

7. നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം വിജിലൻസ് റിപ്പോർട്ടിൽ ക്രമക്കേടുകൾ കണ്ടെത്തിയതായി പരാമർശിച്ചിട്ടുള്ള സംഗതികളിൽ ടി ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള മനപൂർവ്വമല്ലാതെയുള്ള വീഴ്ചയായി കാണുന്നതായും, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ 28.04.2012 വരെയും മൂവ്മെന്റ് രജിസ്റ്ററിൽ 10.05.2012 വരെയും മാത്രമാണ് രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത് എന്നും ഓഫീസിൽ ഹാജരായാൽ ഉടൻ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണെന്നും, ഓഫീസ് സമയത്ത് ഓഫീസ് വിട്ടു പുറത്തു പോകുന്ന അവസരങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണെന്ന വ്യക്തമായ നിർദ്ദേശം നിലവിലുള്ളതാണ് എന്നും അറിയിക്കുന്നു. എന്നാൽ 2 മാസത്തോളമായി ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിലും ഒരു മാസത്തിലധികമായി മൂവ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ നടത്താതെയിരിക്കുന്നത് ബന്ധപ്പെട്ട ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കാണുന്നു എന്നുള്ള വിവരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

8. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിന്റേയും ആരോപണത്തിന്മേലുള്ള ജീവനക്കാരുടെ മറുപടിയുടേയും നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വിജിലൻസ് റിപ്പോർട്ടിൽ ക്രമക്കേടുകൾ കണ്ടെത്തിയതായി പരാമർശിച്ചിട്ടുള്ള സംഗതികളിൽ ടി ജീവനക്കാരുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതായി കാണുന്നതാണ്. എന്നാൽ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീമതി സി.എ ഓമനയുടെ മറുപടിയും നഗരസഭാസെക്രട്ടറിയുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ടും പരിശോധിച്ചതിൽ ടിയാളുടെ ഭാഗത്ത് നിന്നും മനപൂർവ്വമല്ലാത്ത വീഴ്ചയാണ് ഉണ്ടായിട്ടുള്ളതെന്ന് കാണുന്നു. കൂടാതെ ശ്രീമതി സി.എ ഓമന 31.03.2018 ൽ സേവനത്തിൽ നിന്ന് വിരമിച്ചിട്ടുള്ളതുമാണ്.

9. മേൽ സാഹചര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീമതി.സി.എ.ഓമന,ശ്രീ.പി.ആർ.പ്രസാദ് എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, 31.03.2018 ൽ സേവനത്തിൽ നിന്ന് വിരമിച്ച ശ്രീമതി സി.എ ഓമനയ്ക്കെതിരായ തുടർനടപടികൾ ഒഴിവാക്കിക്കൊണ്ടും ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ പി.ആർ പ്രസാദിന്റെ ഭാഗത്ത് നിന്നും രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച വന്നതിനാൽ ടിയാന് താക്കീത് (സെൻഷർ) നല്കിയും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരളസംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി.സി.എ.ഓമന, ഹെൽത്ത് ഇൻസ്പെക്ടർ കൊച്ചി നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ പി.ആർ പ്രസാദ്, ഹെൽത്ത് ഇൻസ്പെക്ടർ, കൊച്ചി നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ